ഭരണഭാഷ മാതൃഭാഷ

ക്യൂ 3/102976/2017/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ
തിരുവനന്തപുരം -33
തീയതി: 04/08/2017

## സർക്കുലർ

2017-18 അദ്ധ്യയന വർഷത്തെ സെൻട്രൽ സെക്ടർ സ്കോളർഷിപ്പ് ഫ്രഷിനുള്ള വിഞ്ജാപനം.

2017 മാർച്ചിൽ ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കൻഡറി പരീക്ഷ പാസ്സായ വിദ്യാർത്ഥികൾക്ക് 2017-18 അദ്ധ്യയന വർഷത്തെ സെൻട്രൽ സെക്ടർ സ്കോളർഷിപ്പ് ഓൺലൈനായി ഫ്രഷിന് അപേക്ഷിക്കാവുന്നതാണ്. നാഷണൽ സ്കോളർഷിപ്പ് പോർട്ടലായ "www.scholarships.gov.in" ൽ ഓൺലൈനായാണ് അപേക്ഷ സമർപ്പിക്കേണ്ടത്. സയൻസ്, കൊമേഴ്സ്, ഹ്യുമാനിറ്റിസ് വിഭാഗങ്ങളിൽ ഏറ്റവും ഉയർന്ന മാർക്ക് നേടിയ 20% വിദ്യാർത്ഥികൾക്കാണ് അപേക്ഷയിൽ അർഹത. മൊത്തം 2324 സ്കോളർഷിപ്പുകളാണ് നൽകപ്പെടുന്നത്, മൊത്തം സ്കോളർഷിപ്പുകൾ സയൻസ്, കൊമേഴ്സ്, ഹ്യുമാനിറ്റിസ് വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് 3:2:1 എന്ന അനുപാതത്തിലാണ് നൽകപ്പെടുന്നത്. മൊത്തം സ്കോളർഷിപ്പുകളുടെ 27% ഒ.ബി.സി വിഭാഗത്തിനും 15%എസ്.സി വിഭാഗത്തിനും 7.5% എസ്.ടി വിഭാഗത്തിനുമായി നീക്കി വച്ചിരിക്കുന്നു. ഓരോ വിഭാഗത്തിലും 3% സ്കോളർഷിപ്പുകൾ ഭിന്നശേഷിയുള്ളവർക്കായി നീക്കി വച്ചിരിക്കുന്നു. മൊത്തം 5 വർഷമാണ് സ്കോളർഷിപ്പ് നൽകപ്പെടുന്നത്. ആദ്യത്തെ മൂന്ന് വർഷങ്ങളിൽ പ്രതിവർഷം രൂപ 10,000/-(പതിനായിരം രൂപ) വീതവും നാലാമത്തെയും അഞ്ചാമത്തെയും വർഷം രൂപ 20,000/-(ഇരുപതിനായിരം രൂപ) വീതവുമാണ്. അപേക്ഷകർ നിർബന്ധമായും 2017 മാർച്ചിൽ ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കൻഡറി പരീക്ഷ പാസ്സായിരിക്കണം. പ്രായം 18 നും 25 നും മദ്ധ്യേയും രക്ഷകർത്താക്കളുടെ വാർഷിക വരുമാനം ആറ് ലക്ഷം രൂപയിൽ താഴെയുമായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് "www.collegiateedu.kerala.gov.in"അല്ലെങ്കിൽ www.dcescholarship.kerala.gov.in"എന്ന വെബ് സൈറ്റുകൾ സന്ദർശക്കേണ്ടതാണ്.

ബന്ധപ്പെടേണ്ട ഇ-മെയിൽ വിലാസം
**centralsectorscholarship@gmail.com**

ബന്ധപ്പെടേണ്ട നമ്പരുകൾ- 9446096580, 9446780308, 0471-2306580

അപേക്ഷകർ നിർബന്ധമായും ആധാർ കാർഡ് കരസ്ഥമാക്കേണ്ടതും സ്വന്തം പേരിലുള്ള ബാങ്ക് അക്കൗണ്ടുമായി ലിങ്ക് ചെയ്യേണ്ടതുമാണ്. അപേക്ഷ സമർപ്പിക്കുമ്പോൾ ഹയർ സെക്കൻഡറി/വൊക്കേഷണൽ ഹയർ സെക്കൻഡറിയുടെ മാർക്ക് ലിസ്റ്റിന്റെ അസ്സൽ പകർപ്പ്, ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, നേറ്റിവിറ്റി സർട്ടിഫിക്കറ്റ്, ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്നവരാണെങ്കിൽ അത് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവ നാഷണൽ സ്കോളർഷിപ്പ് പോർട്ടലായ "**www.scholarships.gov.in**" ൽ അപ് ലോഡ് ചെയ്യേണ്ടതും പകർപ്പ് സ്ഥാപന മേധാവികൾക്ക് സമർപ്പിക്കേണ്ടതുമാണ്. മാന്വൽ ആയി അപേക്ഷ സ്വീകരിക്കുന്നതല്ല.

അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി-31/10/2017

സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി